# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്, തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145

# പത്രക്കുറിപ്പ്

തീയതി.09.12.2019

**വന അദാലത്തുകൾ സമാപിച്ചു**

**ആകെ ലഭിച്ചത് 3870 പരാതികൾ:നൽകിയത് 2.59 കോടി നഷ്ടപരിഹാരം**

വനം-വന്യജീവി വകുപ്പുമായി ബന്ധപ്പെട്ട പൊതുജനങ്ങളുടെ പരാതികൾക്ക് അടിയന്തര പരിഹാരം കാണുന്നതിന് വകുപ്പ്മന്ത്രിയുടെ നേതൃത്വത്തിൽ ജില്ലകളിൽ നടത്തിവന്ന വന അദാലത്തുകൾക്ക് പെരുമ്പാവൂരിൽ സമാപനം. അദാലത്ത് മികച്ച രീതിയിൽ പൂർത്തിയാക്കാനായെന്നും 85 ശതമാനം അപേക്ഷകളും അനുകൂലമായി തീർപ്പാക്കാൻ സാധിച്ചുവെന്നും വനം മന്ത്രി അഡ്വ കെ രാജു പറഞ്ഞു. പല കാരണങ്ങളാൽ തീർപ്പാക്കാൻ വൈകിയ പരാതികൾ ഉൾപ്പടെ ജനപ്രതിനിധികളും വകപ്പുദ്യോഗസ്ഥരുമായി ചേർന്ന് പരിഹാരം കണ്ടെത്താൻ സാധിച്ചുവെന്നും അദ്ദേഹം പറഞ്ഞു. എറണാകുളം- ആലപ്പുഴ ജില്ലാ വന അദാലത്തുകളുടെ സംസ്ഥാന തല സമാപന സമ്മേളനം പെരുമ്പാവൂർ ഇ എം എസ് സ്മാരക ടൗൺ ഹാളിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

നിയമപരമായി പരിഗണിക്കാൻസാധിക്കാത്ത പരാതികളൊഴികെ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ പരാതികളും അദാലത്തിൽ പരിഗണിച്ചിരുന്നു.പതിനാല് ജില്ലകളിലായി നടത്തിയ 13 അദാലത്തുകളിൽ 3870 പരാതികളാണ് ലഭിച്ചത്. ഇതിൽ 3304 പരാതികളും പരിഹരിച്ചു. വന്യജീവി ആക്രമണം, കൃഷിനാശം, അപകടകരമായ രീതിയിൽ നിൽക്കുന്ന മരംമുറി, റോഡ് നിർമ്മാണം, തടിമില്ലുകളുടെ ലൈസൻസ് എന്നിവയുമായി ബന്ധപ്പെട്ട പരാതികളായിരുന്നു ഏറെയും. വിവിധ പരാതികളിലായി 2.59 കോടിയുടെ നഷ്ടപരിഹാരവും വിതരണം ചെയ്തു. സംസ്ഥാനത്തൊട്ടാകെ 282 കേസുകൾ മാത്രമാണ് നിരസിച്ചതെന്നും മന്ത്രി വ്യക്തമാക്കി. പരാതികൾ വേദിയിൽ വച്ചു തന്നെ പരിഹരിക്കുകയും ഉത്തരവുകൾ കൈമാറുകയും ചെയ്തു. നിരസിച്ച പരാതികൾ സംബന്ധിച്ച വിവരങ്ങൾ പരാതിക്കാരെ ബോധ്യപ്പെടുത്താനായതും മാതൃകാപരമാണെന്ന് അദ്ദേഹം പറഞ്ഞു.

അദാലത്തിന് ഒരാഴ്ച മുമ്പുവരെ ലഭിച്ച എല്ലാ പരാതികളും പരിഗണിച്ചു. കൂടാതെ അദാലത്തു വേദികളിലും പരാതികൾ സ്വീകരിക്കുന്നതിനുള്ള സൗകര്യവും ഒരുക്കിയിരുന്നു. അത്തരം പരാതികളിൽ ഒരു മാസത്തിനകം തീർപ്പുകൽപ്പിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. വനമേഖല കുറവായതിനാൽ ആലപ്പുഴ-എറണാകുളം ജില്ലാ അദാലത്തുകൾ സംയുക്തമായി നടത്തുകയായിരുന്നു. ആഗസ്റ്റ് ഒൻപതിന് നെടുമങ്ങാട് മുനിസിപ്പൽ ടൗൺ ഹാളിൽ നടന്ന തിരുവനന്തപുരം ജില്ലാ അദാലത്തോടെയാണ് സംസ്ഥാനത്ത് വനം അദാലത്തുകൾക്ക് തുടക്കമായത് എൽദോസ് കുന്നപ്പിള്ളി എം എൽ എ യുടെ അദ്ധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ വന അദാലത്തുകളെ സംബന്ധിച്ച സഫലം സമക്ഷം കൈപ്പുസ്തകം ആന്റണി ജോൺ എം എൽ എ ക്ക് നൽകി വനം മന്ത്രി പ്രകാശനം ചെയ്തു. വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് ആദ്യമായാണ് ഇത്തരത്തിൽ ഒരു അദാലത്ത് സംഘടിപ്പിക്കുന്നത്. പല കാരണങ്ങൾകൊണ്ടും തീർപ്പാക്കാൻ സാധിക്കാതിരുന്ന പരാതികളും അദാലത്തിൽ തീർക്കാനായി വിവിധ വകുപ്പുകളുടെ സഹകരണവും ഉദ്യോഗസ്ഥരുടെ സാന്നിധ്യവും ഉറപ്പാക്കിയിരുന്നു. അതുകൊണ്ട് അദാലത്ത് വേദിയിൽ വെച്ച് തന്നെ പരാതി പരിഹാര ഉത്തരവുകളും നഷ്ടപരിഹാരവും പരാതിക്കാർക്ക് വിതരണം ചെയ്യാനായി. നിരസിച്ച കേസുകൾ സംബന്ധിച്ച വിശദാംശങ്ങൾ പരാതിക്കാരെ നേരിട്ട് ബോധ്യപ്പെടുത്താനായതും ആദ്യത്തെ അദാലത്ത് അനുഭവമാണ്.

ചടങ്ങിൽ അനൂപ് ജേക്കബ് എം എൽ എ, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പി. കെ. കേശവൻ, ചീഫ് വൈൽഡ് ലൈഫ് വാർഡൻ സുരേന്ദ്രകുമാർ ,പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ബെന്നിച്ചൻ തോമസ്, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ രാജേഷ് രവീന്ദ്രൻ, മുൻ എം.എൽ.എ. സാജുപോൾ, വാർഡ് കൗൺസിലർ മേഴ്സി ജോൺസൺ, കൂവപ്പടി ബ്ലോക്ക് പഞ്ചാ. പ്രസിഡന്റ് ബിന്ദുഗോപാലകൃഷ്ണൻ, ഫാമിംഗ് കോർപ്പറേഷൻ ചെയർമാൻ കെ.കെ.അഷറഫ്,ഡി.എഫ്.ഒമാരായ ഉണ്ണികൃഷ്ണൻ, നരേന്ദ്രകുമാർ, മറ്റ് ജനപ്രതിനിധികൾ, രാഷ്ട്രീയ കക്ഷി നേതാക്കൾ, വനം വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിച്ചു.

ഡോ. അഞ്ചൽ കൃഷ്ണകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ